ഉത്തരം

(എ) കശുവണ്ടി കുടിൽവ്യവസായം തടയുന്നതിന് ഈ സർക്കാർ പുറപ്പെടുവിച്ച 2007-ലെ അൺ രജിസ്റ്റേർഡ് കാഷ്യൂനട്ട് ഫാക്ടറീസ് പ്രൊഹിബിഷൻ ആക്ട് പ്രകാരം നിയമപരമായി നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) അനധികൃത കശുവണ്ടി സംസ്കരണ കേന്ദ്രങ്ങളുടെയും കുടിൽവ്യവസായ കേന്ദ്രങ്ങളുടെയും പ്രവർത്തനം നിരോധിക്കുന്നതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിലുള്ള 1967-ലെ കാഷ്യൂനട്ട് ഫാക്ടറി പ്രൊഹിബിഷൻ ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തി നിയമനിഷേധങ്ങൾക്ക് കടുത്ത ശിക്ഷ (2 വർഷം തടവും ഒരു ലക്ഷം രൂപ പിഴയും) ഉൾപ്പെടുത്തി കൊണ്ട് പുതിയ നിയമം പാസ്സാക്കി. പുതിയ നിയമപ്രകാരമുള്ള നടപടികൾ പ്രാവർത്തികമാക്കുന്നതിന് ഒരു സ്പെഷ്യൽ സ്കാഡ് രൂപീകരിക്കുകയും, ഈ സ്പെഷ്യൽ സ്കാഡ് നൂറിൽപ്പരം കുടിവ്യവസായ കേന്ദ്രങ്ങളിൽ റെയ്ഡ് നടത്തി ഈ കേന്ദ്രങ്ങൾ നിർത്തലാക്കുകയും ചെയ്തു. കൂടാതെ വൻതോതിൽ അനധികൃത സംസ്കരണം നടത്തിവന്നിരുന്ന ആറ് ഉടമകൾക്കെതിരെ നിയമനിഷേധത്തിന് കേസ് രജിസ്റ്റർ ചെയ്തു. ഈ കേസുകൾ കോടതികളുടെ പരിഗണനയിലാണ്.

കശുവണ്ടി തൊഴിലാളികളുടെ വേതനം

113 (1076) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ :

(ബി) തൊഴിലാളികളുടെ പി.എഫ്, ഇ.എസ്.ഐ ആനുകൂല്യങ്ങൾ കൃത്യമായി അടയ്ക്കാത്ത സ്ഥാപനങ്ങൾ ഏതൊക്കെയെന്നും അവയ്ക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3-1-2011-ലെ സ.ഉ.(കൈ) 1/2011/തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരം കശുവണ്ടി വ്യവസായത്തിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു)*

(ബി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVED Kerala Legislative Assembly